# കുരുവികൾ

നല്ല വെളുത്ത പുള്ളിയുള്ള മൂന്നു കുരുവികൾ.

അവർ മാവിൻചുവട്ടിലെത്തി.

തൂവലുകൾ വിടർത്തി.

അതാ പഴുത്ത മാങ്ങകൾ. മുഴുത്ത മാങ്ങകൾ.

സ്വർണ്ണ നിറം. നല്ല മണം.

അവർ അത് കൊത്തിക്കൊത്തി തിന്നു. നല്ല രുചി!

വെളുത്ത കുരുവികൾ മഞ്ഞ കുരുവികളായി പറന്നു.



# പുഴയും വഴിയും

ആമയും മുയലും വീണ്ടും കൂട്ടുകാരായി.

അവർ പുഴക്കരയിലെത്തി. നിറഞ്ഞൊഴുകുന്ന പുഴ.

എങ്ങനെ അക്കരെ കടക്കും?

അവർ പല സൂത്രങ്ങളും ആലോചിച്ചു.

അപ്പോഴാണ് കുറുക്കൻ അതുവഴി വന്നത്.

"എന്താ പ്രശ്നം?" കുറുക്കൻ ചോദിച്ചു.

"പുഴ കടക്കാൻ കഴിയാതെ ഞങ്ങൾ വിഷമിക്കുന്നു."

"ഓ..അതാണോ കാര്യം? ആമയ്ക്കു നീന്തൽ അറിയാമല്ലോ.

മുയലച്ചനെ മുതുകിൽ ഇരുത്തിയാൽപ്പോരേ?"

"അതു ശരിയാണല്ലോ."

കൂട്ടുകാർ പുഴകടക്കുന്നത് കുറുക്കൻ നോക്കിനിന്നു.





# സ്കൂൾ തുറന്നു

പുത്തനുടുപ്പും സ്കൂൾബാഗും
വർണ്ണക്കുടയും ഉണ്ടല്ലോ.
പുത്തൻസ്കൂളും കുട്ടികളും
അറിവിൻ ഉത്സവമായല്ലോ.
കാണാനെന്തൊരു ചേലാണ്
കൂട്ടരെയെല്ലാമൊന്നിച്ച്.

# വട്ടപ്പാട്ട്

കുട്ടികൾ രണ്ടു പേർ

വട്ടത്തിൽ കറങ്ങുന്നു

വട്ടത്തിൽ ചുറ്റുന്നു

വട്ടത്തിൽ കാണുന്നു

വട്ടവും തീർക്കുന്നു

വട്ടത്തിൽ നിൽക്കുന്നു

വട്ടം പിടിക്കുന്നു

വട്ടം വിട്ടവരോടുന്നു



# മിന്നുവിന്റെ കമ്പ്യൂട്ടർ

മിന്നുവിനുണ്ടൊരു കമ്പ്യൂട്ടർ
തൊട്ടാൽ മിന്നും കമ്പ്യൂട്ടർ
പൂക്കൾ വരച്ചു മിന്നു
നിറവും നൽകി കമ്പ്യൂട്ടർ
പുറത്തു നിന്നൊരു പൂമ്പാറ്റ
പൂക്കൾ കണ്ടു വന്നു
പൂവിലിരുന്നു പൂമ്പാറ്റ
പൂന്തേൻ തേടി വലഞ്ഞു



# യാത്ര

പണ്ടൊരു കാട്ടിൽ മഴയത്ത്
ആമച്ചാര് നടക്കാൻ പോയി
പാഞ്ഞു വന്നു മുയലച്ചൻ
മഴയുടെ കൂടെ നടക്കാനായ്
മുന്നോട്ടങ്ങനെ പോകുമ്പോൾ
ആമച്ചാർക്കോ കലി വന്നു
മുന്നോട്ടങ്ങനെ പോകുമ്പോൾ
മുയലച്ചന്നും മടിയായി
മഴയുടെ ഒപ്പം പോകാനിപ്പോൾ
ആമയുമില്ല മുയലുമില്ല



# സുട്ടുവും തൂവലും

വികൃതിക്കാരൻ പന്നിക്കുട്ടിയാണ് സുട്ടു.
അവനു വല്ലാതെ വിശക്കുന്നു.
എന്തെങ്കിലും തിന്നാൻ കിട്ടിയിരുന്നെങ്കിൽ.
അതാ.. ഹാ.... നിറയെ തിന്നാനുണ്ട്.
അവൻ അതിനടുക്കലേക്ക് ഓടി.
വായ തുറന്നതും ഒരു കാറ്റടിച്ചു.
അവൻ തിന്നാനെടുത്തതു കാറ്റിൽ പറന്നുപൊങ്ങി.
അയ്യോ  എന്തായിത്?
സൂട്ടു പേടിച്ചു.
അത് മുകളിലേക്ക് ഉയർന്നു.
എന്നിട്ട് കറങ്ങിക്കറങ്ങി താഴെ വീണു.
അയ്യോ.... ഇതൊരു തൂവലല്ലേ.
സുട്ടു നാണിച്ചു.



# പേടി

കൊച്ചു കുളം
കുളത്തിൻകരയിൽ കുഞ്ഞാന.
കുളത്തിൻനടുവിൽ
താമരപ്പൂവിതൾ തുഴഞ്ഞ്
കുഞ്ഞനുറുമ്പ്.
നടുക്കെത്തി.
കുഞ്ഞാന കുളത്തിൽ മുങ്ങി.
താമരത്തോണി ചാഞ്ചാടി.
കുഞ്ഞനുറുമ്പിന് കുഞ്ഞു പേടി.



# നെയ്യപ്പം



മണം വരുന്നു.കൊതിപ്പിക്കുന്ന മണം.
മണം പിടിച്ചു പിടിച്ചു മണിച്ചിപ്പൂച്ച
മണത്തു മണത്തു നടന്നു.
നടന്നുനടന്ന് മണിക്കുട്ടന്റെ ചായക്കടയിലെത്തി.
'ഇവിടെ നിന്നാണല്ലോ മണം'
അവൾ ജനാലയിൽക്കൂടി ഉള്ളിലേക്കു ചാടി.
ഹായ്!... മേശപ്പുറത്ത് പാത്രം നിറയെ നെയ്യപ്പം.
അവൾ ചുറ്റും നോക്കി. ആരുമില്ല.
നെയ്യപ്പത്തിലേക്ക് കൈ വെച്ചു.
"ഹയ്യോ..ഹയ്യോ.. ചൂട്...ചൂട്..."
പതുങ്ങിനിന്ന ചിണ്ടനെലി പറഞ്ഞു.
"കള്ളിപ്പൂച്ച...തല്ലുകൊള്ളിപ്പൂച്ച"
മണിച്ചിപ്പൂച്ച കരഞ്ഞുകൊണ്ട് ഓടിപ്പോയി.

# പട്ടം

ആകാശത്തങ്ങോട്ടുമിങ്ങോട്ടും
ഓടുന്നോരോമനപ്പട്ടം
തൂവെള്ളമേഘത്തിൽ
ഊഞ്ഞാലുകെട്ടുന്ന
പൊന്നിൻനിറമുള്ള പട്ടം
കുട്ടന്റെ വീട്ടിലെ
ആകാശമുറ്റത്ത്
പാറിപ്പറക്കുന്ന പട്ടം
എന്നുമീ പട്ടത്തെ കാണാനായ്
അമ്മതൻ തോളിലിരിക്കും കുട്ടൻ

